(എ) സംസ്ഥാനത്ത് എത്ര വാനില കർഷകരുണ്ട്;

(ബി) ഇവിടെ എത്ര ടൺ വാനില ബീൻസ് ഉൽപ്പാദിപ്പിക്കപ്പെടുന്നു?

ഉത്തരം

(എ) ഏകദേശം 8774 വാനില കർഷകർ.

(ബി) 2003-2004-ൽ കേരളത്തിൽ 34 ടൺ സംസ്ക്കരിച്ച വാനില ഉൽപ്പാദിപ്പിച്ചതായി കണക്കാക്കുന്നു.

കമുക് രോഗ നിവാരണ പദ്ധതി

328 [1259] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമുക് രോഗബാധിതമേഖലകളിൽ കർഷകരെ സഹായിക്കുവാനായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാർ സഹായത്തോടെ വിപുലമായ കമുകുരോഗ നിവാരണ മാർഗ്ഗങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് കമുകിന്റെ മഞ്ഞളിപ്പ് രോഗം തടയുന്നതിന് 49.555 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വടക്കൻ ജില്ലകളായ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞളിപ്പ് രോഗം ബാധിച്ച കവുങ്ങുകൾ മുറിച്ചു മാറ്റുന്നതിനും, രോഗം ശൈശവാവസ്ഥയിൽ ഉള്ളവയ്ക്ക് മെച്ചപ്പെട്ട പരിപാലനം നൽകുന്നതിനുമായി കേന്ദ്ര സർക്കാർ മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 2004-2005 ൽ 219 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതം 197.10 ലക്ഷം രൂപയും സംസ്ഥാന വിഹിതം 21.90 ലക്ഷം രൂപയുമാണ്.

നാളികേര മണ്ഡരി നിയന്ത്രണ പദ്ധതി

329 [1260] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര മണ്ഡരി നിയന്ത്രണ പദ്ധതിപ്രകാരം 2003-2004, 2004-2005 വർഷങ്ങളിൽ ഓരോന്നിലും എത്ര വീതം തെങ്ങുകൾക്കാണ് ജൈവ കീടനാശിനി പ്രയോഗിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly